

# പടവുകൾ



# ജിഎച്ച്എസ്എസ് വാളാട്

വാളാട് സ്കൂൾ1925 സെപ്ററംബർ 28 നാണ്  പിറവികൊണ്ടത്. അന്ന് വാളാട് ബോർഡ് സ്കൂൾ എന്നായിരുന്നു പേര്. പുതുപ്പള്ളി കുഞ്ഞിരാമൻ നായർ, നെല്ലിക്കൽ കുഞ്ഞിരാമൻ നായർ തുടങ്ങി 24 പേരാണ് ആദ്യം ചേർന്നത്.ആദ്യത്തെ അധ്യാപകൻ ശ്രീ. ശ്രീധരൻ നമ്പൂതിരിയായിരുന്നു.1945 വരെ 1മുതൽ4വരെ ക്ലാസുകൾ ഉള്ള ഒരു ഏകാധ്യപക വിദ്യാലയമായിരുന്നു ഇത്. 1930 കളിൽ HM ആയ AK ശങ്കരൻ ദീർഘകാലം സ്കൂളിൽ സേവനം ചെയ്തു. 1938 ൽ ആണ് അഞ്ചാം ക്ലാസ് ആരംഭിച്ചത് .1945ൽ രാമക്കുറുപ്പ് എന്ന ഒരധ്യാപകൻ കൂടി സ്കൂളിൽ എത്തി. 1950 മുതൽ 1987 വരെ 37വർഷക്കാലം ഈ സ്കൂളിൽ അധ്യാപകനായിരുന്ന ശ്രീ.ശങ്കരൻ മാസ്ററർ ഈസ്കൂളിലെ വിദ്യാർഥിയായിരുന്നു. 1966 ൽ യു.പി സ്കൂൾ ആയി. കെ.പി ഗംഗാധരൻ മാസ്റററെപ്പോലുള്ള നാട്ടുകാരുടെ ശ്രമഫലമായി 1974 ൽ വാളാട് ഗവ ഹൈസ്കൂൾ ഉദയം ചെയ്തു.ആദ്യത്തെ

**റവന്യൂ ജില്ല**
വയനാട്

**വിദ്യാഭ്യാസ ജില്ല**
വയനാട്

**ഉപജില്ല**
മാനന്തവാടി

**പ്രധാന അധ്യാപിക**
സജന

**പി ടി എ പ്രസിഡണ്ട്**
മൊയ്തു

**എം പി ടി എ പ്രസിഡണ്ട്**
അന്ന

ഹെഡ്മാസ്ററർ കെ ജെ പോളിന്റെ നേത്ൃത്വത്തിൽ , പ്രഥമ SSLC ബാച്ച് 38 ശതമാനം വിജയം നേടി.

1997 ൽ സ്കൂളിൽ നിന്നും വിരമിച്ച ശ്രീ .വർക്കിസാർ ആണ് ഏററവും കൂടുതൽ കാലം ഹെഡ്മാസ്ററർ ആയിരുന്നത്. 2000 ജൂലൈ 28ന് വാളാട് ഹൈസ്ക്കൂൾ ഹയർസെക്കണ്ടറി സ്കൂൾ ആയി മാറി. പുതുപ്പള്ളി കുഞ്ഞിരാമൻ നായർ സംഭാവന ചെയ്ത മൂന്നേക്കറും പി ടി എ വിലയ്ക്ക് വാങ്ങിയ ഒരേക്കർ അറുപതു സെന്റും സ്ഥലമാണ് സ്ക്കൂളിന് ഉള്ളത്. വിദ്യാർഥി ബാഹുല്യം കാരണം 1982 മുതൽ സെഷണൽ സമ്പ്രദായം തുടങ്ങി. ഗവൺമെന്റ് ,എം പി , എം എൽ എ ,ജില്ലാപ്പഞ്ചായത്ത് ഫണ്ടുകൾ ഉപയോഗിച്ച് കെട്ടിടങ്ങൾ നിർമിക്കുകയും 1994 ൽ സെഷണൽ രീതി നിർത്തലാക്കുകയും ചെയ്തു. അക്കൊല്ലം തന്നെ മികച്ച പി ട എ യ്ക്കുള്ള സംസ്ഥാന സർക്കാർ അവാർഡ് വാളാട് സ്ക്കൂൾ കരസ്ഥമാക്കുകയും ചെയ്തു .

കണ്ണൂർ ജില്ലയോടു ചേർന്നുകിടക്കുന്ന സ്കൂൾ ആയതിനാൽ പകുതിയോളം അധ്യാപകർ കണ്ണൂർജില്ലക്കാരാണ്. വെൺമണി, ആലാററിൽ ,ഇരുമനത്തൂർ, പേരിയ, മുള്ളൽ, അയനിക്കൽ, കാട്ടിമൂല ,വാളാട് പ്രദേശങ്ങളിലെ വിദ്യാർഥികൾ ഈ സ്ക്കൂളിലാണ് പഠിക്കുന്നത്. വളരെ പരിമിതികൾ ഉണ്ടെങ്കിലും വാളാടിന്റെ യശഃസ്തംഭമായി , പാഠ്യ-പാഠ്യേതര രംഗങ്ങളിൽ വിളങ്ങിനിൽക്കുകയാണ് വാളാട് ഗവ, ഹയർസെക്കണ്ടറിസ്കൂൾ.......

11 കെട്ടിടങ്ങളിലായി 36 ക്ലാസ്സുമുറികളാണ് സ്കൂളിനുള്ളത്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വെവ്വേറെ മൂത്രപ്പുരകളും കക്കൂസുകളും ഉണ്ട്. ചുററുമതിൽ, പാചകപ്പുര, ഭക്ഷണശാല, കളിസ്ഥലം, എന്നിവ സ്കൂളിനുണ്ട് . കിണർ ,മോട്ടോർ , ടാങ്ക്, ടാപ്പുകൾ എന്നിവയുൾപ്പടെ വിപുലമായ കുടിവെള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്. സയൻസുലാബും 32 കമ്പ്യൂട്ടറുകൾ ഉള്ള രണ്ട് കമ്പ്യൂട്ടർലാബും പ്രവർത്തനസജ്ജമാണ്. അടൽ ടിങ്കറിങ് ലാബ് ഇവിടെ പ്രവർത്തിക്കുന്നുണ്ട്.ഹയർസെക്കണ്ടറി വിഭാഗത്തിന് പ്രത്യേകം കെട്ടിടം ഉണ്ട്.. സ്ക്കൂളിലേയ്ക്കുള്ള റോഡ് കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.

സ്കൗട്ട് & ഗൈഡ്സ്. സ്കൗട്ട്& ഗൈഡ്സിന്റെ യൂണിററ് സ്കൂളിൽ സജീവമായി പ്രവർത്തിക്കുന്നു.64 കേഡററുകളാണ് യൂണിററിലുള്ളത്. നിരവധി കേഡററുകൾ രാജ്യപുരസ്കാർ , രാഷ്ട്രപതിപുരസ്കാർ ബഹുമതികൾ നേടിയിട്ടുണ്ട് . രാഷ്ട്രപതിയുടെ , ധീരതയ്ക്കുള്ള പുരസ്കാരം ഈ സ്ക്കൂളിലെ സ്കൗട്ട് മാസ്റ്ററായിരുന്ന നാരായണൻ മാസ്റ്റർക്കു ലഭിച്ചത് തിളക്കമാർന്ന ഒരു നേട്ടമാണ്.

വാളാട് ഗവ. ഹയർസെക്കണ്ടറി സ്ക്കൂളിലെ ഗൈഡ് യൂണിറ്റിന്റെ ഉദ്ഘാടനം 2020 Feb 20 ന് നടന്നു.15 പേരടങ്ങിയ ഗൈഡ് യൂണിറ്റ് വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ എൻ.റ്റി.ഷജിത്ത് കുട്ടികൾക്ക് സ്കാർഫ് നൽകിക്കൊണ്ട് ഉദ്ഘാടനം ചെയ്തു.ചടങ്ങിൽ ജില്ല ട്രെയിനറായ ശ്രീ സതീഷ് ബാബു,സ്ക്കൂളിലെ ആദ്യകാല മാസ്റ്ററായിരുന്ന ശ്രീ നാരായണൻ ,പഞ്ചായത്ത് മെമ്പർ ശ്രീ ശശികുമാർ,പി.റ്റി.എ. പ്രസിഡണ്ട് ശ്രീ എം.ജി. ബാബു എന്നിവർ സന്നിഹിതരായിരുന്നു.






വാളാട് ഗവ.ഹയർ സെക്കണ്ടറി സ്‌കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികൾ ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ അതിയായി സന്തോഷിക്കുന്നു .'പടവുകൾ 'എന്ന ഈ ഡിജിറ്റൽ മാഗസിൻ വാളാടിന്റെ സ്പന്ദനങ്ങൾ ഉൾക്കൊള്ളുന്നതാകട്ടെ എന്നാശംസിക്കുന്നതോടൊപ്പം ഇതിന് പിന്നിൽ പ്രവർത്തിച്ച മുഴുവൻ പേരെയും അഭിനന്ദിക്കുന്നു

പ്രധാനധ്യാപകൻ.

# കൊച്ചുനക്ഷത്രം

കൊച്ചുനക്ഷത്രമേ നിന്നെയാരാ

മച്ചിലിരുത്തിയതമ്മയാണോ

വല്ലതും തട്ടിപ്പറിച്ചുവോ നീ

വല്ലാതെ വാശി പിടിച്ചുവോ നീ

താഴേക്കു പോരുവാൻ മോഹമില്ലേ

വീഴാതെ ചാടുവാൻ പറ്റുകില്ലേ

കൊച്ചുനക്ഷത്രമേ നിന്നെയാരാ

മച്ചിലിരുത്തിയതമ്മയാണോ

# കണിക്കൊന്ന



നീ കൊന്ന,ഞാൻ മനുഷ്യൻ

നീയും ഞാനും തന്നിൽ

വർഷത്തിൽ ഒരു ദിന

ഹൃദയം

അതാണ് വിഷു

നീ വരുന്നതിനു മുമ്പേ

ഞങ്ങൾ തുടങ്ങുന്ന വെടിക്കെട്ടും ആഘോഷവും

വിശ്വരൂപനായ കൃഷ്ണനൊപ്പം

കണിയായ് നീയും

ആ കണിയിൽ നീയില്ലെങ്കിൽ പിന്നെ

എന്ത് വിഷു,എന്ത് ആഘോഷം,കണിക്കൊന്നേ

# പിതാവിന്റെ കണ്ണുനീർ

മധുരാപുരി എന്ന ഗ്രാമത്തിൽ ഒരു സാധാരണക്കാരൻ ഉണ്ടായിരുന്നു. അയാൾക്ക് മൂന്ന് കുട്ടികൾ ഉണ്ടായിരുന്നു. സീത, രാമു, മിഥുൻ.അവരുടെ ജീവിതാന്തരീക്ഷം അനുസരിച്ചല്ലായിരുന്നു കുട്ടികളുടെ പെരുമാറ്റം. അവർക്ക് കാണുന്നതൊക്കെ വേണമെന്ന് പറഞ്ഞ് അവർ പിതാവിനെ വിഷമിപ്പിച്ചിരുന്നു. വർഷങ്ങൾ കൊഴിഞ്ഞുപോയി. ആ പിതാവ് മരണത്തോട് മല്ലടിക്കുമ്പോഴും ആ മക്കൾ ആ പിതാവിന്റെ അവസ്ഥയെ മനസ്സിലാക്കിയിരുന്നില്ല.ആ പിതാവിന്റെ മരണശേഷം മക്കൾ കഷ്ടത്തിലായി. അവർ അപ്പോഴാണ് ആ പിതാവ് അനുഭവിച്ച യാതനകൾ മനസ്സിലാക്കാൻ തുടങ്ങിയത്. ആ പിതാവ് ചില  രാത്രികൾ തന്റെ കുട്ടികൾ ചെയ്യുന്ന പ്രവർത്തികൾ ഓർത്ത് കരയുമായിരുന്നു.ആ കണ്ണീരിന്റെ ഫലമായി അവരുടെ കുട്ടികൾ ഇന്ന് കഷ്ടപ്പെടുന്നു. എല്ലാരും അവരുടെ മാതാപിതാക്കളെ കഷ്ടപ്പെടുന്നത് നമുക്കാണെന്ന് മനസ്സിലാക്കുക.

# കുത്തൊഴുക്ക്

ഒഴുകി നടന്ന ചക്കക്കുരുവിനെ നോക്കി
ഞാൻ ചിരിച്ചു
വെയിൽ കൊള്ളും പ്ലാവിനെ നോക്കി
ഞാൻ ചിരിച്ചു
താഴെ വീഴും ചക്കയെ നോക്കി
ഞാൻ ചിരിച്ചു
ഒഴുക്കിൽ പെട്ട് പ്ലാക്കൊമ്പിൽ
കുടുങ്ങിയപ്പോൾ ഞാൻ കരഞ്ഞു
അതു കണ്ട ചക്കക്കുരു എന്നെ നോക്കി
ചിരിച്ചു.



# എല്ലാം നിനക്കായ്..

സഖി,

മണ്ണിലുഴുതും വിത്ത് വിതച്ചും,

അരവയറുണ്ടും, പാതിയുറങ്ങിയും,

ഒരു ജന്മമിങ്ങിനെ

വിയർത്തൊലിച്ചും

വെയിലേറ്റ് വാടിയും,

മഴയിൽ കുതിർന്നും കുളിർന്നും

ഞാൻ ഉഴുതുമറിച്ചുഴലുന്നത്

നീ അഴലിലുഴലാതിരിക്കാൻ

വേണ്ടിയല്ലേ..

എന്നും നിറംകൊടുത്തോമനിക്കാൻ

ഇത് നിന്റെ മുഖമല്ല-

എന്റെ ജീവിതമാണോമലേ..

# ദുഃസ്വപ്നം

മരണത്തേക്കാൾ കനമുള്ള ഒരു രാത്രിയായിരുന്നു രേണുകയ്ക്കത്. പാതിയുറക്കത്തിൽ കണ്ട ആ ദുഃസ്വപ്നം അത്രമേൽ അവളിൽ ഭീതിവളർത്തിയിരുന്നു. ബെഡ്റൂം ലാമ്പിന്റെ മങ്ങിയ വെളിച്ചത്തിൽ ശബ്ദമുണ്ടാക്കാതെ അവൾ കട്ടിലിൽ എണീറ്റിരുന്നു കിതച്ചു.. ദേഹമാകെ വിയർപ്പുകണങ്ങൾ പൊടിഞ്ഞിരിക്കുന്നു..

ഒന്നുമറിയാതെ കട്ടിലിൽ സുഖമായി ഉറങ്ങുന്ന നന്ദുമോനെ ഉണർത്താതെ അവൾ കട്ടിലിൽനിന്നും പതിയെ എണീറ്റ് ടേബിളിൽ കരുതിവച്ചിരുന്ന വെള്ളമെടുത്ത്  ഒറ്റവലിക്ക് കുടിച്ചുതീർത്തു.

എന്തായിരിക്കും പതിവില്ലാതെ ഇങ്ങനൊരു ദുഃസ്വപ്നം കാണാൻ കാരണം..? ജനാലവിരിമാറ്റി പുറത്തെ നിലാവിലേക്ക് അവൾ വെറുതേ നോക്കിനിന്നു.  നിറയെ കായിച്ചുകിടക്കുന്ന മുറ്റത്തെ ചാമ്പമരച്ചുവട്ടിൽ നിഴല് ചുരുണ്ടുകൂടി കിടക്കുന്നത് അവൾ കണ്ടു..
'കിഷോർ അവന്റെ ജീവിതത്തിൽ ആകെ നട്ട മരാ അത്.. അത്രയ്ക്കുണ്ടായിരുന്നു കുഞ്ഞുന്നാളില് അവന്റെ ചാമ്പക്കാ കൊതി' എന്ന് അമ്മ ഇടയ്ക്കിടെ പറഞ്ഞു ചിരിക്കാറുള്ളത് അവൾ ഓർത്തു..

കിഷോർ ഇപ്പോൾ എന്തെടുക്കുകയായിരിക്കും..? അവൾ പതിയെ തലതിരിച്ചു ടേബിളിൽ വച്ചിരിക്കുന്ന വിവാഹ ഫോട്ടോയിലേക്ക് നോക്കി..

ഒരു പട്ടാളക്കാരന്റെ വേഷത്തേക്കാൾ കിഷോറിന് ചേരുന്നത് സൗമ്യനായ ഒരു അധ്യാപകന്റെ വേഷമാണെന്ന് അവൾക്ക് തോന്നി.. ആദ്യമായി തന്നെ പെണ്ണുകാണാൻ വന്നപ്പോഴും ഒറ്റനോട്ടത്തിൽ അങ്ങിനെത്തന്നെയാണല്ലോ തനിക്ക് തോന്നിയതെന്ന് അവൾ ഓർത്തു..

നന്ദുമോൻ ഉറക്കത്തിൽ കിടന്ന് ഞെട്ടുന്നതും ചിണുങ്ങുന്നതും അവൾ കണ്ടു.. ശബ്ദമുണ്ടാക്കാതെ അവൾ അവന്റെ അരികിലേക്ക് ചേർന്നുകിടന്ന് പതിയെ പുറത്തു താളം പിടിച്ചു. ഒന്നൂടെ അമ്മയുടെ അരികിലേക്ക് ഒട്ടിയമർന്ന് അവൻ കിടന്നു.

തിരിഞ്ഞും മറിഞ്ഞും കിടന്ന് പിന്നെപ്പോഴോ അവൾ വീണ്ടും ഉറക്കത്തിലേക്ക് വഴുതിവീണു..

അതിരാവിലെ തന്നെ അമ്മയുടെ നിലവിളിശബ്ദം കേൾക്കുകയും മുറ്റത്ത് കാൽപെരുമാറ്റങ്ങളുടെ എണ്ണം കൂടിക്കൂടി വരികയും ചെയ്തപ്പോളാണ് ഒരുതരം മരവിപ്പോടെ അവൾ പുറത്തേക്ക് ഓടിയിറങ്ങിയത്..

ആരുടെയൊക്കെയോ അടക്കം പറച്ചിലുകളിലൂടെ ആ ഞെട്ടിക്കുന്ന സത്യം വല്ലാത്ത ഭീതിയോടെ അവൾ മനസിലാക്കി.

അതിർത്തിയിലെ പട്ടാളക്യാമ്പിൽ ഇന്നലെ രാത്രി നടന്ന ഭീകരാക്രമണത്തിൽ കിഷോറും കൊല്ലപ്പെട്ടിരിക്കുന്നു.

# അടിക്കുറിപ്പുകൾ

നഗരപരിധിയിൽ വില്പ്പനയ്ക്ക് തൂക്കിയിരിക്കുന്ന ചിത്രങ്ങളുടെ ഒരു ഗ്യാലറി ഞാൻ സന്ദർശിച്ചു. മനോഹരമായ ഒറ്റനിറം പൂശിയ ചുമരിൽ, തരത്തിലും നിറത്തിലും വ്യത്യസ്തമായ അനേകം ചിത്രങ്ങൾ തൂക്കിയിരിക്കുന്നു.



ഒറ്റക്കൊമ്പുള്ള ആന,
കടൽ കരയ്ക്ക് മടക്കിക്കൊടുത്ത ജീവനില്ലാത്ത കുട്ടി,
പുഴ കീറി കടന്നുപോകുന്ന തോണി,
മണൽ കാട്ടിൽ തനിച്ചിരിക്കുന്ന മനുഷ്യൻ,
നഗ്നത ആഘോഷമാക്കിയ പെണ്ണുങ്ങൾ,
യുദ്ധത്തിൽ അംഗഭംഗം സംഭവിച്ച വെള്ള കുതിര,
തല മുണ്ഡനം ചെയ്യപ്പെട്ട മരങ്ങൾ,
മനസ്സിലായതും മനസ്സിൽ പതിഞ്ഞതും,
അല്ലാത്തതുമായ നിരവധി ചിത്രങ്ങൾ..

ചിത്രങ്ങൾക്ക് കീഴിൽ, ഓരോ വരയെക്കുറിച്ചും വിവരണങ്ങൾ തൂക്കിയിട്ടിരുന്നു.
വിറ്റുപോകാനുള്ള തന്ത്രങ്ങൾ

ഓരോ വിവരണത്തിലും മുഴച്ചു നിന്നിരുന്നെങ്കിലും,
ചിലതൊക്കെ വരയോട്
നീതി പുലർത്താൻ ശ്രമിച്ചിരുന്നു..

വരച്ചവരുടെ പേരുകൾ
എനിക്ക് തീർത്തും അപരിചിതമായിരുന്നു.
അല്ലെങ്കിൽ തന്നെ,
എനിക്കാത്മബന്ധം തെല്ലുമില്ലാത്ത മേഖലയിൽ -
അറിയുന്നവരെ തിരയുന്നത് ഉചിതമല്ലല്ലോ!!

വർണ്ണങ്ങൾ വകഭേദങ്ങൾ ചാർത്തിയ
ചില ചിത്രങ്ങൾ
എന്നെ വീണ്ടും വീണ്ടും ആകർഷിച്ചുകൊണ്ടിരുന്നു..
എന്നാൽ, ഒന്നും മേടിക്കണം
എന്നെനിക്കുദ്ദേശം ഇല്ലായിരുന്നു..
വെറുതെ..
വീടിന്റെ അസ്വസ്ഥതകളിൽ നിന്ന് ,
നഗരത്തിന്റെ ചുട്ടുപൊള്ളുന്ന തിരക്കുകളിൽ നിന്ന്,
അൽപ്പനേരത്തേക്കെങ്കിലും മുക്തി..

പാകപ്പെടുത്തി ചാലിച്ച നിറക്കൂട്ടുകളിൽ ചിലത്
മനസ്സുകൊണ്ട് കവർന്നെടുത്ത്
പതിയെ പുറത്തേക്കു നടക്കുമ്പോൾ,
ചില കാര്യങ്ങൾ ഉൾക്കൊള്ളാനും മനസ്സിലാക്കാനും
എനിക്കും കഴിഞ്ഞിരുന്നു;
വിറ്റുപോവാനുള്ളത് ചിത്രമായാലും, ചിന്തയായാലും

# പടവുകൾക്ക് പിന്നിൽ

ചീഫ് എഡിറ്റർ : പ്രധാനധ്യാപകൻ

സ്റ്റാഫ് എഡിറ്റർ : പ്രിൻസി ജോസ്

സ്റ്റുഡന്റ് എഡിറ്റർ : ദേവിക ഷിജു

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും മിസ്ട്രസുമാരും.